# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.992 — 05.03.2020 ൽ മറുപടിക്ക്

## പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.കെ. ബാബു | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റെസ്റ്റ് ഹൗസുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉന്നത നിലവാരത്തിലാക്കാൻ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇതിനകം തന്നെ നിരവധി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റെസ്റ്റ് ഹൗസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ആധുനിക കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിച്ച് ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ടു വരുന്നതിന്റെ ഭാഗമായി ആവശ്യമുള്ള റെസ്റ്റ് ഹൗസുകളിൽ നവീകരണ പ്രവൃത്തികളും പുതിയ ബ്ലോക്കുകളുടെ നിർമ്മാണ പ്രവൃത്തികളും ചെയ്ത് വരുന്നു. റെസ്റ്റ് ഹൗസുകളെ ക്ലാസ് III ഒഴിവാക്കി ക്ലാസ് I, ക്ലാസ്II എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. റെസ്റ്റ് ഹൗസുകളിൽ ചുറ്റുമതിൽ നിർമ്മാണം, ബോർവെൽ, ബ്യൂട്ടിഫിക്കേഷൻ തുടങ്ങി നിലവിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വരുന്നു. അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തുവരുന്നു. റെസ്റ്റ് ഹൗസുകളിലെ മുറികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാന്റീൻ നടത്തിപ്പിന് സൗകര്യമുള്ളയിടങ്ങളിലും സ്ഥലപ്രാധാന്യമുള്ളതുമായ എല്ലാ റെസ്റ്റ് ഹൗസുകളിലും ഭക്ഷണശാലകൾ ആരംഭിച്ചിട്ടുണ്ട്. റെസ്റ്റ്ഹൗസുകളെ ഗസ്റ്റ് ഹൗസുകളുടെ രീതിയിൽ |

ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകുകയും കൂടാതെ ജീവനക്കാർക്ക് യൂണിഫോമുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട 14 റസ്റ്റ് ഹൗസുകളെ മാതൃകാ റസ്റ്റ് ഹൗസുകളാക്കി മാറ്റുന്നതിന് 551.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു.

പൊതുജനങ്ങളുടെ സൗകര്യാർത്ഥം റെസ്റ്റ്ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കുവാനുള്ള സർക്കാർ ഉത്തരവ് 14/06/2019 – ൽ നിലവിൽ വന്നു. ഓൺലൈൻ റിസർവേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവയ്ക്കാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിക്കുകയും, ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് വേണ്ടി റെസ്റ്റ്ഹൗസ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. മുറികൾ അനുവദിക്കുന്നതിനും നിയമപ്രകാരമുള്ള വാടക ഈടാക്കുന്നതിലും റസ്റ്റ് ഹൗസ് ജീവനക്കാരുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഡിവിഷൻ ഓഫീസ് വഴിയാണ് മുറികൾ അനുവദിക്കുന്നത്. കൂടാതെ ഒക്യുപ്പേഷൻ രജിസ്റ്റർ, രസീത് ബുക്ക് , ക്യാഷ് ബുക്ക് എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ടി രജിസ്റ്ററുകൾ എല്ലാ മാസവും ഒന്നാം തീയതിയും 16-ാം തീയതിയും പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. കൂടാതെ അതാത് സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവർ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. റെസ്റ്റ്ഹൗസുകളിൽ Digital EPABX, CCTV, LED TV, Computer, Printer , 600 VA UPS എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ബി) ലാഭകരമല്ലാതെ പ്രവർത്തിച്ചുവരുന്ന റെസ്റ്റ് ഹൗസുകൾ അതാതിടങ്ങളിലെ സഹകരണ സ്ഥാപനങ്ങൾക്ക് കരാർ പ്രകാരം നൽകി പ്രവർത്തനക്ഷമമാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; അറിയിക്കാമോ; | (ബി) & (സി) റെസ്റ്റ് ഹൗസുകൾ അതാതിടങ്ങളിലെ സഹകരണ സ്ഥാപനങ്ങൾക്ക് കരാർ പ്രകാരം നൽകി പ്രവർത്തനക്ഷമമാക്കുന്ന വിഷയം പരിഗണനയിലില്ല. |
| (സി) ഇപ്രകാരം സഹകരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ പ്രസ്തുത സ്ഥാപനം സർക്കാരിന്റെ നിയന്ത്രണത്തിൽ നിലനിൽക്കുന്നതാണെന്നും കാര്യക്ഷമമായി പ്രവർത്തിപ്പിക്കാവുന്നതാണെന്നുമുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**